# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.674 29.05.2019-ൽ മറുപടിക്ക്**

ശാന്തിവനത്തിലൂടെയുള്ള വൈദ്യുതി ലൈൻ പദ്ധതി

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എറണാകുളം പറവൂർ ശാന്തിവനത്തിലൂടെയുള്ള വൈദ്യുതി ലൈൻ പദ്ധതി എപ്പോഴാണ് പ്രവർത്തനം ആരംഭിച്ചതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (എ) | 110 കെ.വി മന്നം – ചെറായി ട്രാൻസ്മിഷൻ ലൈനിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 2000-ൽ ആരംഭിച്ചു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |
| (ബി) | ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ടേൺകീ കോൺട്രാക്ട് വർക്ക് ഓർഡർ പ്രകാരം 110 കെ.വി, ഡി.സി മന്നം ചെറായി ലൈൻ ജോലിയുടെ കോൺട്രാക്ട് തുക 21,16,98,756/- രൂപയാണ്. |
| (സി) | ഈ പദ്ധതി പൂർത്തീകരിച്ചാലുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതി നിലവിൽ വരുന്നതോടു കൂടി ചെറായി, മുനമ്പം, പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട് എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കപ്പെടും. നിലവിൽ വൈപ്പിൻ മുതൽ മുനമ്പം വരെ 26 കിലോമീറ്റർ നീണ്ടു കിടക്കുന്ന വൈപ്പിൻകരയിലെ 6 പഞ്ചായത്തുകളിലെയും ഉപഭോക്താക്കൾ വൈദ്യുതിക്കായി ആശ്രയിക്കുന്നത് എളങ്കുന്നപ്പുഴ പഞ്ചായത്തിന്റെ പരിധിയിലുള്ള 66 കെ.വി ഞാറക്കൽ സബ്സ്റ്റേഷനെയാണ്. റേഡിയൽ ഫീഡർ ആയ കളമശ്ശേരി – ഞാറക്കൽ ലൈനിൽ വൈദ്യുതി തടസ്സം നേരിട്ടാൽ വൈപ്പിൻ കരയിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി നല്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൈപ്പിൻ കര ഭാഗത്തെ ജനങ്ങൾക്ക് മെച്ചപ്പെട്ട വോൾട്ടേജിൽ വൈദ്യുതി ലഭിക്കുന്നതിനും പദ്ധതി പ്രയോജനപ്രദമാണ്. |
| (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇപ്പോൾ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഇ) | ഇതുവരെ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവായെന്നും പദ്ധതിയിൽ നിന്ന് സർക്കാർ പിൻമാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഇ) | ഇതുവരെ, 110 കെ.വി മന്നം-ചെറായി ലൈനിനും ചെറായി സബ്സ്റ്റേഷനുമായി 18 കോടി രൂപയോളം ചിലവാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു. സർക്കാരും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡും ടി പ്രോജക്ടിൽ നിന്ന് പിന്മാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ